DESPATCHED
26/4/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001
Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920
Email: sic.ker@nic.in

16/4/21

ഹർജി നമ്പർ **AP 448(1)/2020/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.3929/SIC-Gen4/2020**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. സജികുമാർ ഡി.,<br>ചെറുചേലയിൽ മേലെപുത്തൻ വീട്,<br>ഊരാളികോണം, പനവൂർ പി.ഒ.,<br>നെടുമങ്ങാട്, തിരുവനന്തപുരം – 695 568. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട്,<br>ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്,<br>കെ.എസ്.ആർ.ടി.സി.,<br>നെടുമങ്ങാട് പി.ഒ., തിരുവനന്തപുരം.<br>2. അപ്പീൽ അധികാരി &<br>ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ,<br>ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്,<br>കെ.എസ്.ആർ.ടി.സി.,<br>നെടുമങ്ങാട് പി.ഒ., തിരുവനന്തപുരം. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയിരുന്ന ശ്രീമതി. കെ.പി. സിന്ധു കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ നിന്നും അയച്ചതും നെടുമങ്ങാട് കെ.എസ്.ആർ.ടി.സി ഓഫീസിലെ മുൻ ജനറൽ സി.ഐ ആയിരുന്ന ശ്രീ. ശശിധരൻപിള്ള ഒപ്പിട്ടു വാങ്ങി എന്ന് കരുതുന്ന അക്നോളജ്മെന്റ് പകർപ്പോ രേഖയോ സംബന്ധിച്ച ഒരു വിവരവും ടിയാൻ എതിർകക്ഷി ഓഫീസിലെ ഒരുവിധ രജിസ്റ്ററുകളിലും രേഖപ്പെടുത്തുകയോ ടി ഓഫീസിന്റെ ഒരു വിഭാഗത്തിലും കൈമാറുകയോ ചെയ്യാതെ മറച്ചുവച്ചതിനാലാണ് പ്രസ്തുത വിവരം സംബന്ധിച്ച് ടി ഓഫീസിൽ ഒരുവിധ അറിവും ഉണ്ടാകാതെ പോയതും ഇത് സംബന്ധിച്ച 2, 4 എന്നീ

ചോദ്യങ്ങൾക്കുള്ള വിവരം കൈമാറാൻ കഴിയാതിരുന്നതുമെന്നാണ്. ശ്രീ. ശശിധരൻപിള്ള പ്രതിയായ നെടുമങ്ങാട് പോലീസ് സ്റ്റേഷനിലെ 1334/2019 നമ്പർ ക്രിമിനൽ കേസിന്റെ അന്വേഷണത്തിനായി പോലീസ് സ്റ്റേഷനിൽ നിന്നും കൊണ്ടുവന്ന അറിയിപ്പ് ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ സ്ഥലത്തില്ലാതിരുന്നതിനാൽ ടിയാൻ തന്നെ ഒപ്പിട്ടുവാങ്ങി വിവരം രേഖകളിൽ ഉൾപ്പെടുത്താതെ മറച്ചുവയ്ക്കുകയാണുണ്ടായതെന്നും ആയതിന് ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി നടന്നു വരികയാണെന്നും പിന്നീട് കമ്മീഷന്റെ ഉത്തരവ് ഉൾക്കൊണ്ടുകൊണ്ട് നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ നേരിട്ടെത്തി അന്വേഷിച്ച് ടി അക്നോളജ്മെന്റ് കണ്ടെത്തി അപേക്ഷകന്റെ വ്യക്തമായി പരമർശിച്ചിട്ടില്ലാത്ത ചോദ്യങ്ങൾക്കുപോലും പൂർണ്ണമായ മറുപടി നൽകിയിട്ടുണ്ടെന്നും, വിവരാവകാശ നിയമത്തിന്റെ അന്തസത്തയോട് ആദരവ് പൂർവ്വംതന്നെയാണ് പ്രവർത്തിച്ചതെന്നും, ആദ്യ മറുപടിയിൽ അച്ചടി പിശക് മൂലമാണ് തന്റെ പേര് ഉൾപ്പെടാതെ പോയതെന്നും ആയതിനാൽ വിശദീകരണം സ്വീകരിച്ച് ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ്. ടി വിശദീകരണം പരിഗണനാർഹമാണെന്നു കമ്മീഷന് ബോധ്യപ്പെട്ടതിനാൽ ടിയാൾക്കെതിരെ സ്വീകരിച്ച നടപടി അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2021 ഏപ്രിൽ മാസം 16-ാം തീയതി പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk/